(ഡി) സ്വകാര്യ-സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ 3,452 പട്ടികജാതി വിദ്യാർത്ഥികളും, 140 പട്ടികവർഗ്ഗ വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

(ഇ) ഉണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 12,02,18,597 രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 78,89,090 രൂപയും ഒരു വർഷത്തേയ്ക്ക് വേണ്ടി വരുന്നതാണ്.

(എഫ്) ഇല്ല.

തമ്പാനൂർ പ്രദേശത്ത് കെട്ടിനിൽക്കുന്ന മഴവെള്ളം

10 [232] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ.മുഹമ്മദാലി:
ശ്രീമതി മേഴ്സി രവി:
ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂർ പ്രദേശത്ത് മഴ പെയ്യുമ്പോഴുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ശ്രമങ്ങൾ എന്നു തുടങ്ങി;

(ബി) ഇതുവരെ അതിനുവേണ്ടി എന്തെല്ലാം പണികൾ നടത്തിയിട്ടുണ്ട്; എന്തു തുക ചെലവ് ചെയ്തു;

(സി) തമ്പാനൂരിലേക്ക് ഉയർന്ന പ്രദേശങ്ങളിൽ നിന്ന് ഒഴുകിവരുന്ന വെള്ളം തമ്പാനൂരിലെത്തുന്നതിന് മുമ്പുതന്നെ തിരിച്ചുവിടുന്നതിനുള്ള എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ;

(ഡി) തമ്പാനൂരിലെത്തുന്ന വെള്ളം അതിന്റെ പ്രാരംഭ സ്ഥാനത്തു വച്ചു തിരിച്ചുവിടുന്നതിനുള്ള പദ്ധതികളെപ്പറ്റി പരിഗണിക്കുമോ?

ഉത്തരം

(എ) തമ്പാനൂർ പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ശ്രമങ്ങൾ ജലസേചനവകുപ്പ് 1993-ലും പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം 2000-ലും കേരള റോഡ് ഫണ്ട് ബോർഡ് 2004-ലും തുടങ്ങി.

(ബി) കേരള പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ, റെയിൽവേ തുടങ്ങിയ വകുപ്പുകൾ ചേർന്ന് തമ്പാനൂരിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ഒരു Action plan തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പഴവങ്ങാടി തോടിന്റെ കമ്പിവേലികളുടെ അറ്റകുറ്റപ്പണികളും, ബേക്കറി ജംഗ്ഷൻ മുതൽ പഴവങ്ങാടി തോടിന്റെ ചെളി നീക്കം ചെയ്യലും പഴവങ്ങാടി മുതൽ തകരപ്പറമ്പ് വരെയുള്ള പഴവങ്ങാടി തോടിന്റെ വീതി കൂട്ടലും നടപ്പാക്കിയിട്ടുണ്ട്. തമ്പാനൂർ പഴവങ്ങാടി പ്രദേശത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് ശാശ്വത പരിഹാരം കാണുന്നതിലേക്ക് വേണ്ട സാങ്കേതിക പഠനങ്ങൾ നടത്തുകയുണ്ടായി. തമ്പാനൂർ പഴവങ്ങാടി ഭാഗത്ത് കാലവർഷം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പഴവങ്ങാടി തോടിലെ ചെങ്കൽ പാലം മുതൽ കണ്ണമ്മൂല വരെയുള്ള 4.30 കി.മീ. ദൂരം വരുന്ന ഭാഗം വൃത്തിയാക്കുന്നതിനുള്ള പണികൾ ചെയ്തുവരുന്നു. തോട്ടിൽ നിന്ന് നീക്കം ചെയ്യുന്ന ചെളിയും മറ്റു മാലിന്യങ്ങളും ജനവാസം കുറഞ്ഞ സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി ദോഷം വരാത്ത രീതിയിൽ ലോറിയിൽ അപ്പോഴപ്പോഴതന്നെ നീക്കം ചെയ്തുവരുന്നു. തമ്പാനൂരിൽ Railway കലുങ്കിനകത്ത് ഉണ്ടായിരുന്ന കരിങ്കൽകെട്ട്, നീളത്തിലുള്ള പഴയ തൂൺ എന്നീ തോട്ടിലെ പ്രധാന തടസ്സങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിനുള്ള പണികളും Railway നടത്തിവരുന്നു. പഴവങ്ങാടിയിൽ ഗണപതി ക്ഷേത്രത്തിനു മുൻവശത്ത് പാലം പുനർനിർമ്മിച്ചും വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനു തടസ്സമായി നിൽക്കുന്ന ശുദ്ധജല വിതരണ പൈപ്പ് ഇളക്കി ഉയർത്തി സ്ഥാപിച്ചും, പ്രസ്തുത ഭാഗത്ത് തോട്ടിൽ വർഷങ്ങളായി അടിഞ്ഞുകൂടിക്കിടക്കുന്ന മറ്റു മാലിന്യങ്ങളും ചെളിയും നീക്കംചെയ്യുകയും ചെയ്തുവരുന്നു. പഴവങ്ങാടി തോട്ടിലേക്ക് വന്നുചേരുന്ന തമ്പാനൂർ, പൊന്നറപാർക്ക്, തൈക്കാട്, പഴവങ്ങാടി എന്നീ ഭാഗത്തുനിന്നുള്ള ഓടകളും slab ഇളക്കിമാറ്റി ഓടകളിൽ നിറഞ്ഞു കിടക്കുന്ന ചെളിമണ്ണ് നീക്കം ചെയ്തുവരുന്നു. തോട്ടിൽ അടിഞ്ഞു കൂടുന്ന ചപ്പ്, ചവറ് എന്നിവ ചില പ്രത്യേക സ്ഥലങ്ങളിൽ ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി തോട്ടിൽ ഗ്രേറ്റിംഗ് സംവിധാനവും അതിനോടനുബന്ധിച്ച പണികളും ചെയ്തുവരുന്നു. ഇതിനായി 344.79 ലക്ഷം രൂപ ചെലവായി.

(സി & ഡി) നഗരത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലുള്ള വെള്ളം തിരിച്ചു വിടുന്നത് പ്രായോഗികമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പുതുതായി നൽകുന്ന ആനുകൂല്യങ്ങൾ

11 [233] ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
ഡോ: എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
ഡോ: കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസം നടത്തുന്ന എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ/സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സംവരണ/മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly